# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 289 — 22.06.2012-ലെ മറുപടിക്ക്

## സാമ്പത്തിക പ്രതിസന്ധി നേരിടുന്ന മുനിസിപ്പാലിറ്റികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി ) |
| എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതി സന്ധി നേരിടുന്ന മുനിസിപ്പാലിറ്റിക ളുടെ വിശദാംശം ലഭ്യമാക്കുമോ ; | എ) സംസ്ഥാനത്തെ ചില നഗരസഭകൾ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ ഏതൊക്കെയാണെന്നുള്ള വിവരം ശേഖരിച്ച് വരുന്നു.<br>നഗരസഭകൾ വിവിധ സ്ഥാപനങ്ങൾക്ക് നിയമാനുസൃതം നൽകേണ്ട തുക (വാട്ടർചാർജ്ജ്, ലൈബ്രറിസെസ് തുടങ്ങിയവ) നൽകുന്നതിൽ വീഴ്ച വരുത്തുന്ന സന്ദർഭങ്ങളിൽ കുടിശ്ശിക തുക അവയ്ക്ക് അർഹമായ ഗ്രാന്റിൽ നിന്നും കുറവ് ചെയ്യുന്നുണ്ട്. ആയത് നഗരസഭകൾക്ക് ബുദ്ധിമുട്ടുണ്ടാക്കു ന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>തനത് വരുമാനം യഥാസമയം പിരിച്ചെടുക്കാത്തതും, സാമ്പത്തിക നിലയ്ക്കനുസരിച്ച് പദ്ധതികൾ വിഭാവനം ചെയ്യാത്തതും, വർദ്ധിച്ച എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും കുടിശ്ശികയടവും സാമ്പത്തിക പ്രതിസന്ധിയ്ക്ക് പ്രധാന കാരണങ്ങളാണെന്നു കാണുന്നു. നഗരസഭകളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിയ്ക്കുന്നതിന് |

ഓരോ നഗരസഭയ്ക്കും 50 ലക്ഷം രൂപ വീതം ഉപാധി രഹിത ഫണ്ടായി കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. കൂടാതെ നഗരസഭകൾ ഉൾപ്പെടെയുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഫീ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ എന്തെങ്കിലും സഹായ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | ബി) | ഇപ്പോൾ ഇല്ല. |

സെക്ഷൻ ഓഫീസർ